പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1653 — 13.06.2014- ൽ മറുപടിക്ക്

## മിശ്രവിവാഹിതർക്കുള്ള ധനസഹായം

ചോദ്യം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് മിശ്ര വിവാഹിതർക്ക് വിതരണം ചെയ്യുന്ന ധനസഹായം ഏത് വർഷം വരെയുള്ളത് നൽകി എന്ന് വ്യക്തമാക്കുമോ; | (എ) | മിശ്ര വിവാഹ ധനസഹായം 2013-14 സാമ്പത്തിക വർഷം വരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര തുക വീതമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് എന്നും ആയതിന് അപേക്ഷിക്കേണ്ട കാലയളവും വ്യക്തമാക്കുമോ; | (ബി) | മിശ്രവിവാഹിതരായവർക്ക് 30,000/- രൂപയാണ് നൽകുന്നത്. വിവാഹം കഴിഞ്ഞ് 1 വർഷം പൂർത്തിയായ ശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ എത്ര ദമ്പതിമാർക്ക് മിശ്രവിവാഹിതർക്കുള്ള ധനസഹായം ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 സാമ്പത്തിക വർഷം 6 പേർക്കും, 2012-13 സാമ്പത്തിക വർഷം 7 പേർക്കും കോഴിക്കോട് ജില്ലയിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം കോഴിക്കോട് ജില്ലയിൽ 2013-14 സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ